# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 8/487/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 26/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ , കോഴിക്കോട്
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 8/487/2022 തീയ്യതി: 26/03/2022

# കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-11-2019 മുതൽ 14-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്യാരിലാൽ.ടി.സി | ജോയിന്റ് ഡയറക്ടർ | 14-03-2022 | 19-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-03-2022 | 19-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഇ.വി ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ് എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലത ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശോഭന.ഒ.പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. നജില ഉബൈദുള്ള | സെക്രട്ടറി | 01-04-2019 | 24-02-2020 |
| ശ്രീ. പ്രദീപ് കുമാർ. എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രേഖ പി ആനന്ദ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ഷാഹുൽ ഹമീദ്.എ.എം | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. സതീഷ്.ഒ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഗീത.കെ.ജി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ലാവണ്യ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഡോ. രൂപ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി. കെ.ടി.കോമളം | ഇൻസ്ട്രിയൽ എകസ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. നജ്മ.എം.എച്ച് | സാമൂഹ്യ നീതി ഓഫീസർ | 01-04-2019 | 12-07-2019 |
| ശ്രീമതി. ബിന്ദു.എൻ.പി | സാമൂഹ്യ നീതി ഓഫീസർ | 13-07-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rency E (Auditor, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Rency E (Auditor, On 19-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Rency E (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Rency E (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Rency E (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-5 |
| 7 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Rency E (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-6 |
| 8 | കാപ്പുമല കുടിവെള്ള പദ്ധതി പൂർത്തീകരണം - പദ്ധതിനടത്തിപ്പിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-7 |
| 9 | പൊതുമരാമത്ത് പ്രവർത്തികൾ - പദ്ധതി വിനിയോഗത്തിലെ അപാകത സംബന്ധിച്ച്<br>Written By: Disha R.K (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-8 |
| 10 | പദ്ധതി ആസൂത്രണം കാര്യക്ഷമമല്ല - വനിതാ സാംസ്കാരിക നിലയം നിഷ്ക്രിയമായി തുടരുന്നു.<br>Written By: Disha R.K (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-9 |
| 11 | അങ്കണവാടികളിലേക്ക് മ്യൂസിക്ക് സിസ്റ്റം വിതരണം - അപാകതകൾ<br>Written By: E.V Hari (Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-10 |
| 12 | അങ്കണവാടികളിലേക്ക് പൂരക പോഷകാഹാര വിതരണം - വിഹിതം നൽകൽ - അപാകതകൾ<br>Written By: E.V Hari (Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-11 |
| 13 | വിവിധ പദ്ധതികൾക്കായി തുക നൽകി - വിനിയോഗ വിവരം ലഭ്യമല്ല<br>Written By: T.K.Latha (Senior Grade Auditor, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-12 |
| 14 | കരാർ വെക്കുന്നതിൽ കാലതാമസം - ഓഡിറ്റ് കണ്ടെത്തിയതിനെ തുടർന്ന് കരാറുകാരനിൽനിന്ന് പിഴ ഈടാക്കി.<br>Written By: Sreeja Thekkan (Audit Officer, On 19-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-13 |
| | ഭാഗം 2 | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാപ്പുമല കുടിവെള്ള പദ്ധതി പൂർത്തീകരണം - പദ്ധതിനടത്തിപ്പിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sreeja Thekkan (Audit Officer, On 15-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreeja Thekkan (Audit Officer, On 15-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreeja Thekkan (Audit Officer, On 15-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreeja Thekkan (Audit Officer, On 15-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreeja Thekkan (Audit Officer, On 15-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Sreeja Thekkan (Audit Officer, On 15-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sreeja Thekkan (Audit Officer, On 15-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sreeja Thekkan (Audit Officer, On 15-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sreeja Thekkan (Audit Officer, On 15-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreeja Thekkan (Audit Officer, On 15-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sreeja Thekkan (Audit Officer, On 15-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10/01/2019 ലെ 36/2018-19 നമ്പർ തീരുമാന പ്രകാരവും ഭരണ സമിതിയുടെ 13/02/2019 ലെ 101/18-19 നമ്പർ തീരുമാന പ്രകാരവും ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 214 നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത നടപടിക്രമങ്ങൾ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട് പുതുക്കിയ ബജറ്റിനുള്ള ശുപാർശകളും ബജറ്റ് വർഷത്തേക്കുള്ള ശുപാർശകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യവാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ, റവന്യൂ വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല. ഇതുകൊണ്ട് തന്നെ മേല്പറഞ്ഞവ സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപരമാണോയെന്ന് പരിശോധിക്കാനായിട്ടില്ല. നിയമ പ്രകാരമുള്ള നടപടിക്രമങ്ങളും സമയക്രമങ്ങളും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ബജറ്റ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 25.05.2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ചേങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 4 പ്രകാരം വിവിധ വർഷങ്ങളിലായി ലഭിച്ച താഴെപ്പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1 | Centrally Sponsored Scheme- Total Sanitation Campaign ( TSC ) | 6,47,238 |
| 2 | Grant For Keralolsavam | 90,000 |
| 3 | Nirmal Puraskar | 70,584 |

മേൽ ഗ്രാന്റുകൾ വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. കേരളോത്സവം ഗ്രാന്റ് ഇനത്തിൽ യുവജന ക്ഷേമ ബോർഡിൽ നിന്നും ലഭിച്ച 90,000/- രൂപ (തൊണ്ണൂറായിരം രൂപ) ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ആയത് പ്രസ്തുത ബോർഡിന്റെ അനുമതിയോടെ വരും വർഷത്തിൽ കേരളോത്സവത്തിന് ഉപയോഗിക്കുകയോ അല്ലാത്തപക്ഷം യുവജനക്ഷേമ ബോർഡിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

4. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്ക് ബാധകമായ ടെണ്ടർ ഫോറം വില ( ഇ – ടെണ്ടർ ഫീ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 91,22,382 |
| വരവ് | 3,59,67,761 |
| ആകെ | 4,50,90,143 |
| ചെലവ് | 3,84,60,475 |
| നീക്കിയിരിപ്പ് | 66,29,668 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 36842000 | 36842000 | 20267890 | 16574110 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 16942000 | 16942000 | 6785521 | 10156479 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1635000 | 1635000 | 1327496 | 307504 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4819000 | 4819000 | 1761771 | 3057229 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| പെർഫോർമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 17076 | 980276 | 997352 | 636579 | 360773 |
| ബി. ഫണ്ട് | 0 | 0 | 0 | 0 | 0 |
| ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ | 0 | 0 | 0 | 0 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 6128320 | 4493000 | 10621320 | 508197 | 5539423 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 88 | 8,80,23,293 | 54 | 3,12,78,713 | ----- | 33 | 35.53% |

വിവിധ പ്രോജക്ടുകൾക്കായി 8,80,23,293/- രൂപ വകയിരുത്തിയതിൽ കേവലം 3,12,78,713/- രൂപ മാത്രമേ പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ വൻ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്.

2) വാർഷിക പദ്ധതി ചെലവ് കുറഞ്ഞു – സർക്കാർ ഗ്രാന്റിനത്തിൽ 4,66,69,432 രൂപ നഷ്ടപ്പെട്ടു

88 പ്രോജക്ടുകൾക്കായുള്ള 8.80 കോടി രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 3.12 കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. എല്ലാ സർക്കാർ ഗ്രാന്റിനങ്ങളിലും ലഭ്യമായ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവു വന്ന തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 36842000 | 20267890 | 16574110 |
| വികസന ഫണ്ട് - -SCP | 16942000 | 6785521 | 10156479 |
| വികസന ഫണ്ട് - -TSP | 1635000 | 1327496 | 307504 |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 4819000 | 1761771 | 3057229 |
| ആകെ | 97,08,000 | 5,04,105,68 | 4,66,69,432 |

എല്ലാ ഗ്രാന്റിനങ്ങളിൽ നിന്നുമായി സ്ഥാപനത്തിന് 4,66,69,432 രൂപ നഷ്ടമായിട്ടുണ്ട്. പദ്ധതി ആസൂത്രണവും, മോണിറ്ററിംഗും കാര്യക്ഷമമല്ല എന്നതിന് ഉത്തമ ഉദാഹരണമാണ് കാക്കൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള സാംസ്കാരിക നിലയത്തിന്റെ മുകളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച സാംസ്കാരിക നിലയം നിഷ്ക്രിയമായി തുടരുന്നത് (ഖണ്ഡിക 1-9 കാണുക). ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്ത് നടത്തിയതും, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതും, മതിയായ മുന്നൊരുക്കമോ, ആസൂത്രണമോ ഇല്ലായ്മയാണ്. (ഖണ്ഡിക -1-10 കാണുക). വ്യവസായ വികസന ഓഫീസറുടെ തൻവർഷത്തിലെ പദ്ധതി ചെലവ് ആകെ 0.96% മാത്രമാണ് മതിയായ മുന്നൊരുക്കമോ, ആസൂത്രണമോ ഇല്ലായ്മയാണ്. ആയതിനാൽ പദ്ധതികൾ കൃത്യമായി അവലോകനം ചെയ്യും, ആസൂത്രണത്തിലെ പോരായ്മ പരിഹരിച്ചും, സമയബന്ധിതമായും പൂർത്തികരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2022 -ാം തീയതി 10.30 Am ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 കാപ്പുമല കുടിവെള്ള പദ്ധതി പൂർത്തീകരണം - പദ്ധതിനടത്തിപ്പിലെ അപാകതകൾ

പദ്ധതിയുടെ പേര്, നം. – 95/19-20 – കാപ്പുമല കുടിവെള്ള പദ്ധതി പൂർത്തീകരണം (S O)

അടങ്കൽ - 3,00,000 (വി. ഫണ്ട്)

ചെലവ് - 2,32,865

ബിൽ നം. – 18/31.12.2019

കാപ്പുമല കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ വാട്ടർ ടാങ്ക് 2016-17 – ൽ നിർമ്മിക്കുകയും, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ, പമ്പിങ് ലൈൻ വർക്ക്, എന്നിവയും, MPLADS പ്രവൃത്തിയിൽ ഉൾപ്പെടുത്തി കിണർ വർക്ക് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 – ൽ കിണറിനു ചുറ്റും കോമ്പൗണ്ട് വാൾ നിർമ്മിച്ച് ഗേറ്റ് വയ്ക്കാനും വാട്ടർ ടാങ്കിന് ലേഡർ, ഫെൻസിംങ് വർക്ക് എന്നിവയുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. AE/18-19 Dtd.

15.2.2019 എഗ്രിമെന്റ് പ്രകാരം ശ്രീ.സുരേഷ് കുമാർ.ടി.വി എന്ന കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തിയിൽ, 27.9.19 – ൽ 47(1) 2019-20 നം. തീരുമാന പ്രകാരം പമ്പ് ഹൗസ് നിർമ്മാണം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ് ചെയ്തു. എസ്റ്റിമേറ്റ് റിവൈസ് ചെയ്തതു മൂലം നിലവിൽ 14 ഐറ്റത്തിൽ നിന്നും 5 ഐറ്റം ഒഴിവാക്കിയിട്ടുണ്ട്. കരാറുകാരൻ M Book 35/19-20 പ്രകാരം 4.1.2020 ന് പദ്ധതി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 18.3.2022 ന് പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നിർമ്മിച്ച പമ്പ് ഹൗസ് ഉപയോഗശൂന്യമായും, ഗേറ്റ് പൊളിഞ്ഞ് കിടക്കുന്നതായും കണ്ടു. കിണറിനു മുകളിൽ സ്ഥാപിച്ച ഗ്രില്ല് പകുതി മാറ്റിയിട്ട നിലയിലാണുള്ളത്. വൈദ്യുതി കണക്ഷനുവേണ്ടി കെ.എസ്സ്.ഇ.ബി നിർമ്മിച്ച പാനൽ ബോർഡ് കിണറിന്റെ ആൾമറയിലാണ് സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ റെയ്ഡ്കോ കിണറിനകത്താണ് മോട്ടോർ സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പമ്പ് ഹൗസ് നിർമ്മിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. ടി.എസ്സ് സ്ളിപ്പ് പ്രകാരം 6 മാസം കാലാവധിയുള്ള പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് പൂർത്തീകരണ കാലാവധിയുടെ (6 മാസം) 50% കാലയളവും കഴിഞ്ഞ് 4.1.2020 – നാണ്. 1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം പി.എ.സി തുക (2,85,143) യുടെ 3% പിഴ തുക 8,554/ രൂപ കരാറുകാരനിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം പമ്പ് ഹൗസ് നിർമ്മാണത്തിനുവേണ്ടി ചെലവഴിച്ച 34,830/- രൂപ, പിഴ ഇനത്തിൽ ഈടാക്കേണ്ട 8,554/ എന്നിവ ഓഡിറ്റിൽ നിരാകരിക്കുന്നു.

1-8 പൊതുമരാമത്ത് പ്രവർത്തികൾ - പദ്ധതി വിനിയോഗത്തിലെ അപാകത സംബന്ധിച്ച്

2019 - 20 വർഷം ഡി.പി.സി അംഗീകാരം വാങ്ങിയ 35 മരാമത്ത് പ്രോജക്ടുകളിൽ 23 എണ്ണം പുതിയ പ്രോജക്ടുകളും 12 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളുമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ, നിർവ്വഹണോ ദ്യോഗസ്ഥനായുള്ള 23 പുതിയ പ്രോജക്ടുകളിൽ 17 എണ്ണത്തിനും 12 സ്പിൽ ഓവർ പ്രോജക്ടുകളിൽ 1 പ്രവൃത്തിക്കും തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. ആകെയുള്ള മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ അടങ്കൽ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവഴിച്ച | ചെലവഴി | ചെലവഴി |
|---|---|---|---|---|

| | | തുക | ക്കാത്ത തുക | ച്ചതിന്റെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 8173558 | 2363284 | 5810274 | 28.9 |
| വികസന ഫണ്ട്-എസ്.സി.പി | 11725369 | 2314927 | 9410442 | 19 |
| ടി.എസ്സ്.പി | 613963 | 513495 | 100468 | 83.6 |
| മറ്റുള്ളവ | 150000 | 150000 | 150000 | 100 |
| സംരക്ഷണഗ്രാന്റ് -റോഡിതരം | 2370423 | 1661424 | 708999 | 70 |
| ആകെ | 23033313 | 7003130 | 16180183 | |

മേൽ പട്ടിക പ്രകാരം ചെലവഴിക്കാത്ത ഗ്രാന്റ് തുക സാമ്പത്തിക വർഷാവസാനം സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനാൽ ചുവടെ ചേർക്കുന്ന വിധം വിവിധ ഫണ്ടിനത്തിലുള്ള തുകകൾ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കയാണ്.

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 58,10,274 |
| വികസന ഫണ്ട് - എസ്.സി.പി | 94,10,442 |
| ടി.എസ്സ്.പി | 1,00,468 |
| മറ്റുള്ളവ | 1,50,000 |
| സംരക്ഷണഗ്രാന്റ്- റോഡിതരം | 7,08,999 |
| ആകെ | 1,61,80,183 |

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗത്തിൽ (യോഗ തീയതി - 27.4.19, 27.5.19, 25.6.19, 26.7.19, 26.8.19, 25.9.19, 25.10.19, 28.11.19, 26.12.19, 25.1.20, 25.2.20, 10.3.20) പദ്ധതി പ്രവൃത്തികളുടെ അവലോകനം നടത്തുന്നുണ്ടെങ്കിലും ആയത് ഫലപ്രദമായി നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-9 പദ്ധതി ആസൂത്രണം കാര്യക്ഷമമല്ല - വനിതാ സാംസ്കാരിക നിലയം നിഷ്ക്രിയമായി തുടരുന്നു.

പ്രോജക്ട് നം. – 83/19-20 (SO)

പ്രോജക്ടിന്റെ പേര് - വനിതാ സാംസ്കാരിക നിലയം

അടങ്കൽ – 5,00,000

ഫണ്ട് – വി.ഫണ്ട്.

ചെലവ് - 4,66,362

ബിൽ നം. – 1/26.4.19 /3,02,759

2/25.7.19/1,63,603

എ. ഇ നിർവഹണ ഉദ്യോഗസ്ഥനായി വനിതാ സാംസ്കാരിക നിലയം എന്ന പ്രോജക്ട് 2019-20 – ൽ പൂർത്തീകരിച്ചിട്ടുണ്ട്. കാക്കൂർ പഞ്ചായത്തിന്റെ കൈവശമുള്ള ആറോളിപൊയിൽ സാംസ്കാരിക നിലയത്തിനു മുകളിലായാണ് നിലയം നിർമ്മിച്ചിട്ടുള്ളത്. എഗ്രിമെന്റ് നം. AE/22/18-19 Dtd. 15.2.2019 പ്രകാരം ശ്രീ. ടി. വി. സുരേഷ്കുമാർ പ്രവൃത്തി ഏറ്റെടുത്ത് 18.6.2019 – ൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. (M Book. 53/18-19,54/18-19 , 81/18-19). 18.3.2022 – ന് പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ നിന്നും ഇത് പ്രവർത്തനക്ഷമമല്ലാതെ നിഷ്ക്രിയയ ആസ്തിയായി തുടരുകയാണ് എന്ന് കണ്ടു. കാക്കൂർ പഞ്ചായത്തിന്റെ കൈവശമുള്ള സാംസ്കാരിക നിലയത്തിനു മുകളിൽ വീണ്ടും ഒരു സാംസ്കാരിക നിലയം പണിയുന്ന പ്രവൃത്തിയാണ് ഇവിടെ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയത്. 2019-20 – ലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പ്രസ്തുത സാംസ്കാരിക നിലയം ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളോ, നിർദ്ദേശങ്ങളോ ഇല്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച അവസ്ഥാ വിശകലനമില്ല. അതുകൊണ്ട് തന്നെ ഇവിടെ പദ്ധതി ആസൂത്രണം ശരിയായ രീതിയിൽ നടത്തുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വിജയിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സാംസ്കാരിക കേന്ദ്രം അത് നിർമ്മിച്ച ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തി അറിയിക്കേണ്ടതാണ്.

1-10 അങ്കണവാടികളിലേക്ക് മ്യൂസിക്ക് സിസ്റ്റം വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 57/2019-20 |

| | |
|---|---|
| പ്രോജക്ട് | അങ്കണവാടികളിലേക്ക് മ്യൂസിക്ക് സിസ്റ്റം വിതരണം |
| നിർവഹണോദ്യോഗസ്ഥ | സി. ഡി. പി. ഒ |
| വകയിരുത്തിയ തുക | വികസന ഫണ്ട് - പൊതു വിഭാഗം - 2,75,000 രൂപ |
| ചെലവഴിച്ച തുക | 2,75,000 രൂപ, ട്രഷറി ബിൽ നമ്പർ - 8/2019-20 തീയതി 28.10.2019 |

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ അങ്കണവാടികളിലേക്ക് മ്യൂസിക്ക് സിസ്റ്റം ലഭ്യമാക്കുന്നതിന് വേണ്ടി സി.ഡി.പി.ഒ നടപ്പാക്കിയ പ്രോജക്ടാണ് ഇത്. ആകെയുള്ള 172 അങ്കണവാടികളിൽ 125 അങ്കണവാടികളിലാണ് ഈ പദ്ധതി പ്രകാരം മ്യൂസിക്ക് സിസ്റ്റം ലഭ്യമാക്കിയത്. IMPEX ബ്രാൻഡിലുള്ള 125 മ്യൂസിക്ക് സിസ്റ്റം കോഴിക്കോട് മാവൂർ റോഡിലുള്ള 3 G MOBILE WORLD എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന വാങ്ങുകയായിരുന്നു. ഈ പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മ്യൂസിക്ക് പ്ലേയറിന്റെ ബ്രാൻഡ് നെയിം വ്യക്തമാക്കിക്കൊണ്ട് ടെണ്ടർ ക്ഷണിച്ചു.

വാങ്ങാനുദ്ദേശിക്കുന്ന മ്യൂസിക്ക് പ്ലേയറിന്റെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ മാത്രമാണ് ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടത്. ഉൽപ്പന്നം നിർമ്മിക്കുന്ന സ്ഥാപനത്തിന്റെ പേര്, ബ്രാൻഡ് നെയിം എന്നിവ ടെണ്ടറിൽ ഉൾപ്പെടുത്താൻ പാടില്ല. ആയതിനു വിരുദ്ധമായി IMPEX എന്ന നിർമ്മാതാവിന്റെ മ്യൂസിക്ക് പ്ലേയറിന് മാത്രമായാണ് ടെണ്ടർ ക്ഷണിച്ചത്.

2. സ്പെസിഫിക്കേൻ നിർണ്ണയിച്ചതെങ്ങിനെയെന്ന് വ്യക്തമല്ല.

ഫയൽ പ്രകാരം വാങ്ങിയ മ്യൂസിക്ക് പ്ലേയറിന്റെ സ്പെസിഫിക്കേൻ താഴെ പറയും പ്രകാരമാണ്.

| Item | Features |
|---|---|
| Brand – IMPEX<br>Model – Micro Plus 2.1<br>മ്യൂസിക്ക് സിസ്റ്റം വൂഫർ 10 W ( 4 Inch )<br>Satelite 5 W * 2 ( 2.75 * )LED Display | Blue Tooth Connectivity<br>F M Radio<br>U S B Connectivity |

ആയത് എപ്രകാരം നിർണ്ണയിച്ചു എന്നുള്ള വിവരം ലഭ്യമല്ല.

3. മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

പ്രോജക്ട് പ്രകാരം വാങ്ങിയ മ്യൂസിക്ക് സിസ്റ്റത്തിന്റെ ഗുണനിലവാരം, പ്രവർത്തനക്ഷമത, ഉപയോഗം എന്നീ ഘടകങ്ങൾ മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

4. മേഖലാ ചുമതലകളിൽ നിന്നുള്ള വ്യതിചലനം.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1) ഉപവകുപ്പ് 3ാം പട്ടിക പ്രകാരം സാമൂഹ്യക്ഷേമ മേഖലയിൽ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. പഞ്ചായത്ത് രാജ് 172ാം വകുപ്പ് (1)ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം സാമൂഹ്യക്ഷേമ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല ഐ.സി.ഡി.എസ് - കൾ നടത്തുക എന്നതാണ്. സ. ഉ. (എം. എസ്) 11/18/ത.സ്വ.ഭ.വ തീയതി 29.1.18 ഖണ്ഡിക 7(8) പ്രകാരവും ഇത്തരത്തിൽ അങ്കണവാടികളിലെ പഠന സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കാൻ നിഷ്കർഷിക്കുന്നില്ല. പഞ്ചായത്ത്രാജ് ആക്ട് മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയിൽ ഉൾപ്പെടാത്ത ഈ പ്രോജക്ട് ഏറ്റെടുത്തു നടപ്പിലാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2019-20 തീയതി 16.3.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-11 അങ്കണവാടികളിലേക്ക് പൂരക പോഷകാഹാര വിതരണം - വിഹിതം നൽകൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 55/2019-20 |
| പ്രോജക്ട് | പൂരക പോഷകാഹാര വിതരണം |
| നിർവഹണോദ്യോഗസ്ഥ | സി. ഡി. പി. ഒ |
| വകയിരുത്തിയ തുക | വികസന ഫണ്ട്, പൊതു വിഭാഗം - 11,00,000 രൂപ |

| | |
|---|---|
| ചെലവഴിച്ച തുക | 9,00,000 രൂപ – ട്രഷറി ബിൽ നമ്പർ – 1/2019-20 തീയതി 12.7.2019 |

സി. ഡി. പി. ഒ, ചേളന്നൂർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 വർഷം നടപ്പിലാക്കിയിട്ടുള്ള അങ്കണവാടി പൂരക പോഷകാഹാര വിതരണം - ബ്ലോക്ക് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം 2019-20 വർഷം 9,00,000/- രൂപ താഴെപ്പറയും പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുക |
|---|---|---|
| 1 | ചേളന്നൂർ | 1,50,000 |
| 2 | നരിക്കുനി | 1,50,000 |
| 3 | കക്കോടി | 1,50,000 |
| 4 | കാക്കൂർ | 1,50,000 |
| 5 | നന്മണ്ട | 1,50,000 |
| 6 | തലക്കുളത്തൂർ | 1,50,000 |
| | ആകെ | 9,00,000 |

മേൽ പ്രകാരം അങ്കണവാടി പൂരക പോഷകാഹാര വിതരണം പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2019-20 തീയതി 18.3.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള 9,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-12 വിവിധ പദ്ധതികൾക്കായി തുക നൽകി - വിനിയോഗ വിവരം ലഭ്യമല്ല

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം വിവിധ

പഞ്ചായത്തുകൾക്കും ഏജൻസികൾക്കും തുക കൈമാറി നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തികരിച്ചതിന്റെയോ, തുകകളുടെ വിനിയോഗവിവരമോ ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ/പേര് | ബിൽ നമ്പർ/ തീയതി/ | ചെലവഴിച്ച തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | S0011/20 ഐ.കെ.എം വരിസംഖ്യ നൽകൽ | 15/19-20 12/07/2019 | 55,000 | ഐ.കെ.എം | വിനിയോഗ വിവരം ലഭ്യമല്ല |
| 2 | S0011/20 വൃദ്ധർക്ക് പകൽ വീട് | 20/19-20 17/10/2019 | 10,00,000 | ചേളന്നൂർ ഗ്രാമ പഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമല്ല |
| 3 | S0011/20 സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം | 89/27/03/20 | 3,00,000 | സാമൂഹ്യ സുരക്ഷാ മിഷൻ | വിനിയോഗ വിവരം ലഭ്യമല്ല |
| 4 | S0087/20 വൃദ്ധർക്ക് കട്ടിൽ | 3/19-20 – 22/5/19<br>4/19-20/ – 22/5/19 | 4,00,000<br>2,01,000 | തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത്<br>നന്മണ്ട ഗ്രാമ പഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമല്ല |
| 5 | S0021/20 ലൈഫ് പ്ലസ് പി.എം.എ.വൈ | 23/19-20 /20.08.19 | 1,50,000 | നന്മണ്ട ഗ്രാമ പഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമല്ല |
| | | 20/19-20/ | 10,00,000 | | |

| | | | | | |
|---|---|---|---|---|---|
| | | 20.08.19 | | | |
| | പദ്ധതി ജനറൽ | 42/19-20/ 17.10.19 | 10,00,000 | കക്കോടി ഗ്രാമ പഞ്ചായത്ത് | |
| 6 | S0030/20 ലൈഫ് പ്ലസ് പി.എം.എ.വൈ എസ്.ടി | 16/19-20/ 10.07.19 | 72,634 | കാക്കൂർ ഗ്രാമ പഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമല്ല |
| | ആകെ | | 41,78,634 | | |

മേൽ പ്രകാരം ബില്ല് മാറി തുകകൾ കൈമാറിയിട്ടുണ്ടെങ്കിലും മേൽ തുകകളുടെ വിനിയോഗ വിവരം, പദ്ധതി പൂർത്തീകരണ വിവരം, ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/2019-20 /18.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 41,78,634/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം, പദ്ധതി പൂർത്തീകരണ വിവരം, ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 കരാർ വെക്കുന്നതിൽ കാലതാമസം - ഓഡിറ്റ് കണ്ടെത്തിയതിനെ തുടർന്ന് കരാറുകാരനിൽനിന്ന് പിഴ ഈടാക്കി.

ജി.ഒ. (പി) 13/2012/പി.ഡബ്ല്യു.ഡി/1.2.12 പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ കൊടുത്ത പ്രോജക്ടിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ/പേര്/ | എഗ്രിമെന്റ് നമ്പർ / | സെലക്ഷൻ നോട്ടീസ് / | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|

| ബിൽ നമ്പർ/ ചെലവ് തുക | തീയതി | തിയതി പിഎസി തുക | (മിനിമം 1000/-) |
|---|---|---|---|
| 81/20 പുല്ലുക്കണ്ടി നടപ്പാത. 2,45,166 3/30-4-19 | AE 11/2018-19 തീയതി 21-11-18 | D1/PW1/10/18 തീയതി 2-11-18 3,18,901.2 | 3,189 |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയെ തുടർന്ന് (3/19-20/17-3-22) അധികം നൽകിയ 3,189 രൂപ 7202122/18-3-22 ചലാൻ പ്രകാരം ട്രഷറിയിൽ അടവാക്കി പകർപ്പ് സഹിതം ഓഡിറ്റിന് 18-3-2022 – ന് നൽകിയ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട് (AEE/CHR/AUDIT/196/2022 നം. കത്ത്). അന്വേഷണക്കുറിപ്പിന്റെ ഗൗരവം ഉൾക്കൊണ്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ചത് ശ്രദ്ധേയമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാപ്പുമല കുടിവെള്ള പദ്ധതി പൂർത്തീകരണം - പദ്ധതിനടത്തിപ്പിലെ അപാകതകൾ

പദ്ധതിയുടെ പേര്, നം. – 95/19-20 – കാപ്പുമല കുടിവെള്ള പദ്ധതി പൂർത്തീകരണം (S O)

അടങ്കൽ - 3,00,000 (വി. ഫണ്ട്)

ചെലവ് - 2,32,865

ബിൽ നം. – 18/31.12.2019

കാപ്പുമല കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ വാട്ടർ ടാങ്ക് 2016-17 –

ൽ നിർമ്മിക്കുകയും, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ, പമ്പിങ് ലൈൻ വർക്ക്, എന്നിവയും, MPLADS പ്രവൃത്തിയിൽ ഉൾപ്പെടുത്തി കിണർ വർക്ക് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 – ൽ കിണറിനു ചുറ്റും കോമ്പൗണ്ട് വാൾ നിർമ്മിച്ച് ഗേറ്റ് വയ്ക്കാനും വാട്ടർ ടാങ്കിന് ലേഡർ, ഫെൻസിംങ് വർക്ക് എന്നിവയുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. AE/18-19 Dtd.15.2.2019 എഗ്രിമെന്റ് പ്രകാരം ശ്രീ.സുരേഷ്കുമാർ.ടി.വി എന്ന കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തിയിൽ, 27.9.19 – ൽ 47(1) 2019-20 നം. തീരുമാന പ്രകാരം പമ്പ് ഹൗസ് നിർമ്മാണം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ് ചെയ്തു. എസ്റ്റിമേറ്റ് റിവൈസ് ചെയ്തതു മൂലം നിലവിൽ 14 ഐറ്റത്തിൽ നിന്നും 5 ഐറ്റം ഒഴിവാക്കിയിട്ടുണ്ട്. കരാറുകാരൻ M Book 35/19-20 പ്രകാരം 4.1.2020 ന് പദ്ധതി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 18.3.2022 ന് പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നിർമ്മിച്ച പമ്പ് ഹൗസ് ഉപയോഗശൂന്യമായും, ഗേറ്റ് പൊളിഞ്ഞ് കിടക്കുന്നതായും കണ്ടു. കിണറിനു മുകളിൽ സ്ഥാപിച്ച ഗ്രില്ല് പകുതി മാറ്റിയിട്ട നിലയിലാണുള്ളത്. വൈദ്യുതി കണക്ഷനുവേണ്ടി കെ.എസ്.ഇ.ബി നിർമ്മിച്ച പാനൽ ബോർഡ് കിണറിന്റെ ആൾമറയിലാണ് സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ റെയ്ഡ്കോ കിണറിനകത്താണ് മോട്ടോർ സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പമ്പ് ഹൗസ് നിർമ്മിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. ടി. എസ്സ് സ്ലിപ്പ് പ്രകാരം 6 മാസം കാലാവധിയുള്ള പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് പൂർത്തീകരണ കാലാവധിയുടെ (6 മാസം) 50% കാലയളവും കഴിഞ്ഞ് 4.1.2020 – നാണ്. 1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം പി.എ.സി തുക (2,85,143) യുടെ 3% പിഴ തുക 8,554/ രൂപ കരാറുകാരനിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം പമ്പ് ഹൗസ് നിർമ്മാണത്തിനുവേണ്ടി ചെലവഴിച്ച 34,830 രൂപ, പിഴ ഇനത്തിൽ ഈടാക്കേണ്ട 8,554/ എന്നിവ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/ |
|---|---|---|

| | പരിശോധിച്ച തീയതി | തീയതി |
|---|---|---|
| 2019-20 | 2019-20 ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിരനിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല .

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96 | 3-19 | 1999 | 43 | എയ്ഡഡ് സ്കൂളുകൾക്ക് ധനസഹായം നൽകി | മറുപടി ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട് |
| 2000-01 | 42 | 2002-03 | 11.5.2.116 | തൈക്കണ്ടിക്കുളം നിർമ്മാണം | |
| 2001-02 | | 2003-04 | 4.13.150 | കുളങ്ങരക്കണ്ടി താഴം ജലസേചന പദ്ധതി | |

| | | | | | |
|---|---|---|---|---|---|
| 2015-16 | 3.14 | 2019-17 | 4.8.1 | ചുമതലാ ലംഘനം | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,59,67,761 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,84,60,475 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43,384 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50,78,634 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 43,384 | ശ്രീ. ഷാഹുൽ ഹമീദ് എ. എം, അസി. എഞ്ചിനീയർ |
| ആകെ | 43,384 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-11 | 9,00,000 | ശ്രീമതി. നജ്മ എം. എച്ച്,<br>സി. ഡി. പി. ഒ. |
| 1-12 | 41,78,634 | ശ്രീമതി. നജില ഉബൈദുള്ള,<br>സെക്രട്ടറി |
| ആകെ | 50,78,634 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാഹുൽ ഹമീദ്എ.എം,<br>അസി. എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ലിയാസ് മഹൽ,<br>കോണോട്ട്,<br>പി.ഒ.കുന്ദമംഗലം<br>കോഴിക്കോട് –<br>673571 |
| ശ്രീമതി.നജ്മ.എം.എച്ച്,<br>സി.ഡി.പി.ഒ. | സി.ഡി.പി.ഒ,<br>ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | കിനാവ്,<br>ഗോവിന്ദപുരം.പി.ഒ,<br>കോഴിക്കോട് –<br>673016 |

| | | |
|---|---|---|
| ശ്രീമതി.നജില ഉബൈദുള്ള, സെക്രട്ടറി | ജില്ലാ വനിതാ ക്ഷേമ ഓഫീസർ, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ ഓഫീസ്, കോഴിക്കോട് | നാജിതാസ്, എലത്തൂർ പി. ഒ, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക പരാമർശങ്ങൾ |
|---|---|---|---|
| 1995-96<br>1996-97<br>1997-98 | എൽ.എഫ്.കെ.കെ.ഡി. പി7/ 764/10 തീ. 07.08.10 | 1 | 43 CAR |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി7/ 121/09 തീ. 09.02.09 | 1 | 35 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(2) തീ.05.05.15 | 3 | 34, 39, 41 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(1) തീ.05.05.15 | 1 | 35 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി7/ 1369/11 തീ.13.02.12 | 2 | 3-3 (എ,ബി), 3-4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(3) തീ.05.05.15 | 3 | 3-2, 3-3, 3-13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(4) തീ.05.05.15 | 2 | 3-5, 3-10 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(5) തീ.05.05.15 | 8 | 3-2(3), 3-8 എ (5, 6), 3-9 (3, 4, 5), 3-10(2), 3-11, 3-12, 3-13, 3-14 |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(6) തീ.05.05.15 | 5 | 3-1, 3-2, 3-3, 3-6,3-9 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(7) തീ.05.05.15 | 3 | 3-6, 3-9, 3-10 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി7/ 2215/16(1) തീ.11.07.17 | 5 | 3-3, 3-7(1), 3-6, 3-8, 3-9 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(9) തീ.05.05.15 | 4 | 3-2, 3-3, 3-5, 3-6 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി7/ 808/16 തീ.03.06.17 | 3 | 3-1, 3-2, 3-6 (1) |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി7/ 769/2017 തീ.08.02.2018 | 6 | 2-1, 3-4, 3-7, 3-8, 3-10, 3-11 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി7/ 424/2017 തീ.31.01.2018 | 7 | 2-1, 2-2, 3-1, 3-6, 3-8, 3-9, 3-14 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി7/ 2046/ 2017 തീ 26.03.2018 | 7 | 2-1, 3-3, 3-4, 3-5, 3-6, 3-7, 3-12 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി7/ 186/2019 തീ.09.07.2019 | 6 | 1-12, 3-1, 3-2, 3-3, 3-4, 3-6 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി11/ 2025/2019 തീ.18.02.2020 | 6 | 1-6, 1-8, 1-10, 1-14, 1-15, 4-11 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്